EKM 312 | അർദ്ധവാർഷിക മൂല്യനിർണ്ണയം. 2011 -12

മലയാളം

ക്ലാസ് 10 | അടിസ്ഥാന പാഠാവലി. | സ്കോർ 40

സമയം ഒന്നര മണിക്കൂർ

നിർദ്ദേശങ്ങൾ

1.ആദ്യത്തെ 15 മിനിട്ട് ( സമാശ്വാസ സമയം) ചോദ്യങ്ങൾ വായിച്ച് മനസ്സിലാക്കുന്നതിന് ഉപയോഗിക്കേണ്ടതാണ്. ആ സമയത്ത് ഉത്തരങ്ങൾ എഴുതുവാൻ പാടില്ല.

2 സൂചനകളും നിർദ്ദേശങ്ങളും ശരിയായി മനസ്സിലാക്കിയതിനുശേഷം ഉത്തരമെഴുതുക.

ചോദ്യങ്ങൾ

1. കുറിപ്പ് തയ്യാറാക്കുക.

"ഹൃദയമൊരുദ്യാനം. അവിടെ സ്നേഹത്തിന്റെ അല്ലെങ്കിൽ വെറുപ്പിന്റെ വിത്തിടാം. സ്നേഹത്തിന്റെ വിത്താണവിടെ വീണ് പൂക്കുന്നതെങ്കിൽ അവിടെ ദയയുടെയും ശാന്തിയുടെയും പരിമളം പരക്കുന്നു."

"ഇത്തിരി സ്നേഹമാണല്ലോ
മനുഷ്യന്റെ മഹാധനം."

– തന്നിരിക്കുന്ന രചനാഭാഗങ്ങളെ താരതമ്യം ചെയ്ത് സ്നേഹമാഹാത്മ്യത്തെക്കുറിച്ച് ഒരു കുറിപ്പ് തയ്യാറാക്കുക.

(സ്കോർ 4)

2. നിരീക്ഷണം സമർത്ഥിക്കുക.

"നോക്കൂ. അവളെ എന്തെങ്കിലും കൊടുത്ത്
പറഞ്ഞയക്കൂ.... പിന്നെ ശല്യാവും." രമണി പറഞ്ഞു.

"അവൾക്കാരും ല്യാ.. അയാൾ പറഞ്ഞു.
അതിന് നമ്മളെന്താ ചെയ്യ്വാ..".

– നമ്മുടെ സമൂഹത്തിൽ നിന്ന് സ്നേഹകാരുണ്യങ്ങൾ നഷ്ടപ്പെട്ടുകൊണ്ടിരിക്കുകയാണ് എന്ന സൂചനയാണോ രമണിയുടെ പ്രതികരണങ്ങളിൽ നിന്നും മനസ്സിലാക്കാൻ കഴിയുന്നത്. നിങ്ങളുടെ നിരീക്ഷണം സമർത്ഥിക്കുക. (സ്കോർ 4)

3. വിശദമാക്കുക.

"നാവേറും കണ്ണേറുമേൽക്കാതെയീമല-
നാടിനെപ്പോറ്റുന്ന ഗാനം.
നാഗഫണം വിതർത്താടിയ പുള്ളുവ-
വീണയിന്നെന്തേ മയങ്ങി."

-നഷ്ടപ്പെടുന്ന നാടോടി സംസ്കൃതിയെക്കുറിച്ച് കവിക്കുള്ള ദുഃഖം 'കൊച്ചുദുഃഖങ്ങളുറങ്ങൂ ' എന്ന കവിതയിൽ പ്രകടമാണോ.? കവിത പരിശോധിച്ച് വിശദമാക്കുക.

(സ്കോർ 6)

4. സൂചനകൾ വ്യാഖ്യാനിക്കുക.

"അക്കൊച്ചു ശാരിക. ! ഭൂമി കന്യക്കെഴും
ദുഃഖങ്ങൾ പാടിയ തയ്യൽ -
നാട്ടു വെടിഞ്ഞുപോം നന്മകൾ തൻകഥ
പാടിയ പൈങ്കിളിപ്പൈതൽ."

ഈ വരികളിലൂടെ ധ്വനിപ്പിക്കപ്പെടുന്നതെന്തൊക്കെ ? വിശകലനം ചെയ്ത് കുറിപ്പ് തയ്യാറാക്കുക.

( സ്കോർ 4)

5. വിശകലനക്കുറിപ്പ് തയ്യാറാക്കുക.
"പെട്ടെന്നു വന്ന പെരുമഴ, ഉമ്മയോ
ചിക്കെന്നകത്തു തിരഞ്ഞു ചെന്നു
വില്ലോടിഞ്ഞെന്ന ചിണങ്ങിടാറുള്ളൊരാ
പുള്ളിക്കുട ചെന്നെടുത്തു പാഞ്ഞു.
പള്ളിപ്പറമ്പിൽ പുതുതായ് കമിച്ചിട്ട
മണ്ണട്ടിമേലെ നിവർത്തിവെച്ചു."

- തോരാമഴ

"ഉണ്ണിക്കൈയ്യെട്ടക്കവാനണ്ണിവായ്ക്കുണ്ണാൻ വേണ്ടി,
വന്നതാണീ മാമ്പഴം വാസ്തവമറിയാതെ."

- മാമ്പഴം.

ഈ അമ്മമാർ മാതൃമനസ്സിന്റെ ചില പ്രത്യേക ഭാവങ്ങൾ പ്രതിഫലിപ്പിക്കുന്നില്ലേ.? കാവ്യഭാഗങ്ങൾ വിശകലനം ചെയ്ത് കുറിപ്പ് തയ്യാറാക്കുക.

(സ്കോർ 6 )

6. കുറിപ്പ് തയ്യാറാക്കുക.

– ". നാവേറും കണ്ണേറുമേൽക്കാതെയീ മല-
നാടിനെപ്പോറ്റുന്ന ഗാനം".

– " നാഗഫണം വിതിർത്താടിയ പുള്ളുവ വീണ"

– . "തൊട്ടുണർത്തീടുന്ന പിന്നെയിളം വെയിൽ
മൊട്ടുകളിക്കിളി കൂട്ടി."

– . "തെച്ചിപ്പഴങ്ങളിറുത്തുകൊണ്ടോടുന്ന
തെക്കൻ മണിക്കാറ്റു മോതി."

–

കവിയെ പ്രചോദിപ്പിച്ച ഈ ഗ്രാമീണ ചിന്തകളുടെ ഭംഗി വിശകലനം ചെയ്യുക. ഇവയ്ക്ക് കവിതയുടെ ഭാവതലവുമായുള്ള ബന്ധമെന്ത്.? കുറിപ്പ് തയ്യാറാക്കുക

( സ്കോർ 6)

7. കഥാപാത്ര നിരൂപണം തയ്യാറാക്കുക.
'ഉപഭോഗസംസ്കാരത്തിന് അടിമപ്പെട്ടുകൊണ്ടിരിക്കുന്ന ആധുനിക മനുഷ്യന്റെ പ്രതീകമാണ് 'എന്തൊക്കെയോ നഷ്ടപ്പെട്ട ഒരാൾ' എന്ന കഥയിലെ രമണി.' കഥ വിശകലനം ചെയ്ത് കഥാപാത്ര നിരൂപണം തയ്യാറാക്കുക.

(സ്കോർ 4)

8. താരതമ്യക്കുറിപ്പെഴുതുക.
"കണ്ണുള്ളവർക്കൊക്കെ
കണ്ണീരുണ്ടാകും.
പക്ഷേ, കണ്ണുള്ളവരെല്ലാം
കണ്ണീരു കാണാറില്ല.
അതു കാണാൻ കണ്ണല്ല
ഹൃദയമാണ് വേണ്ടത്."

- പി. കെ. പാറക്കടവ്.

ഈ മിനിക്കഥയിലെ ആശയം 'എന്തൊക്കെയോ നഷ്ടപ്പെട്ട ഒരാൾ' എന്ന കഥയിലെ പ്രമേയവുമായി പൊരുത്തപ്പെടുന്നുണ്ടോ. ?. നിങ്ങളുടെ നിരീക്ഷണം ഒരു കുറിപ്പായി എഴുതുക.

( സ്കോർ 6)